പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4939 — 21.10.2011-ൽ മറുപടിക്ക്

തുടർച്ചയായി നഷ്ടം ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എളമരം കരീം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ തുടർച്ചയായി നഷ്ടം ഉണ്ടാക്കുന്നവയുടെ കാര്യത്തിൽ അതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ കാര്യത്തിൽ; വിശദമാക്കാമോ; | (എ) ഉണ്ട്; റിയാബിൽ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം കഴിഞ്ഞ 6 വർഷക്കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ **Kerala Automobiles Limited,** കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് 2009-10 സാമ്പത്തിക വർഷം ഒഴികെ മറ്റ് വർഷങ്ങളിൽ തുടർച്ചയായി നഷ്ടത്തിലായിരുന്നത്. അവയുടെ പ്രവർത്തനം മോശമാകാനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**Kerala Automobiles Limited**<br><br>**KAL** കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രവർത്തന നഷ്ടത്തിലാണ്. **BIFR-** ൽ നിന്നും പ്രവർത്തനമികവ്കൊണ്ട് **networth** മികച്ചതാക്കി പുറത്തുവന്ന കമ്പനി തിരികെ **BIFR-** ൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. **Audit** പൂർത്തിയാകുന്ന നിലയിൽ **BIFR-** ന്റെ പരിധിയിൽ **KAL** വീണ്ടും വരികതന്നെചെയ്യും. കമ്പോളത്തിന്റെ അഭിരുചിക്കനുസരിച്ച് ത്രീ വീലറുകളിൽ വേണ്ടിയിരുന്ന മാറ്റങ്ങളുടെ അഭാവം, കടുത്ത മാത്സര്യ ക്ഷമതയുള്ളതും ഉപഭോക്താക്കളുടെ |

ആവശ്യങ്ങൾക്കനുസൃതമായി മാറുന്ന കമ്പോളം, വിതരണക്കാരിൽ ഉണ്ടായ വിശ്വാസക്കുറവുമൂലം നിർമ്മാണത്തിനാവശ്യമായ എൻജിൻ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങളിൽ ഉണ്ടായ കുറവുമൂലം ഉൽപ്പാദനത്തിലുണ്ടായ വ്യതിയാനം, കമ്പനിയുടെ ഉൽപ്പന്നത്തിൻെറ പ്രധാന വിപണിയായ ഉത്തരേന്ത്യയിൽ പരിസര മലിനീകരണത്തിനായി ഡീസൽ എഞ്ചിന്മേലുണ്ടായിരുന്ന നിരോധനം, മാനേജ്മെൻറിലെ അപാകത, വിപണന തന്ത്രങ്ങളിലെപാളിച്ച, ദീർഘവീക്ഷണമില്ലായ്മ തുടങ്ങിയവ ത്രീ വീലർ മാർക്കറ്റിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൻെറ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യം 2011 സെപ്റ്റംബർ ആദ്യവാരം നടന്ന പ്രവത്തന അവലോകനത്തിൽ വിലയിരുത്തുകയും മനുഷ്യശേഷിയുടെ ആവശ്യമായ വികസനം ഉൾപ്പെടെ എല്ലാ മേഖലയിലും കമ്പനിയെ പുനരുദ്ധരിക്കുവാനുള്ള ഒരു പൂർണ്ണ സമഗ്ര പദ്ധതി തയ്യാറാക്കുവാൻ മാനേജ്മെൻറിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ</u>

കൈത്തറിമേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനവും സർക്കാർ ചെയ്യുന്നുണ്ടെങ്കിലും ഈ മേഖലയിലേയ്ക്ക് കൂടുതൽ നെയ്ത്തുകാർ വരാത്തതിനാൽ ഈ മേഖല പ്രതിസന്ധി നേരിടുകയാണ്. നെയ്ത്തുകാർക്ക് താൽപ്പര്യമുള്ള ആധുനിക രീതിയിലുള്ള ഡിസൈനിൻെറ അഭാവവും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹാൻവീവിൻെറ നഷ്ടത്തിൻെറ 50%-ഉം ബാങ്ക് വായ്പയിനത്തിലും സർക്കാർ വായ്പയിന്മേലുള്ള പലിശയിനത്തിലുള്ള കുടിശ്ശികയാണ് കാരണം.

| | |
|---|---|
| (ബി) അവലോകനത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധ്യമായിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്താണെന്നും വിശദമാക്കാമോ? | (ബി) പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾതന്നെയാണ് ഈ കമ്പനികൾ എല്ലാംതന്നെ. എന്നിരുന്നാലും പ്രശ്നങ്ങളുടെ സ്വഭാവമാണ് പ്രധാനമായും ഇവയുടെ പുരോഗതിയ്ക്ക് വിലങ്ങ്തടിയാകുന്നത്. കർശനമായ അവലോകനത്തിലൂടെയോ, മാനേജ്മെൻറിൻെറ പ്രവർത്തനമികവ്കൊണ്ടോ ഇതിനെ തരണം ചെയ്യുക പ്രാവർത്തികമായ ഒന്നല്ല. |

KAL പ്രവർത്തനം മികച്ചതാക്കാനുള്ള എല്ലാ നടപടികളും കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതിയ മേധാവിയെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള മോഡലുകൾക്ക്തന്നെ മാർക്കറ്റ് ഉണ്ടെന്നാണ് പുതിയ മാനേജ്മെൻറിൻെറ നിഗമനം. കൂടാതെ കയറ്റുമതിയുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. കമ്പനിയ്ക്ക് ബഡ്ജറ്റിൽ നിന്നും 287.93 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനം ലഭ്യമാക്കി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

കൂടുതൽ നെയ്ത്തുകാരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകവഴിയും, വിപണനത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തിയും ഹാൻവീവിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ സർക്കാർ വകുപ്പുകൾക്കാവശ്യമായ തുണിത്തരങ്ങൾ വാങ്ങുന്നതിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനും സ്കൂൾ യൂണിഫോമിനുള്ള ഓർഡറുകൾ ലഭ്യമാക്കിയും ഇതിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ